# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **2851.** 12..10..2011-ൽ മറുപടിക്ക്

## പരമ്പരാഗത ക്ഷീര കർഷകർക്ക് പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ക്ഷീരസംഘങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ താമസിക്കുന്ന ക്ഷീരകർഷകർ തൊട്ടടുത്ത ക്ഷീരസംഘത്തിൽ പാൽ നൽകിയാലും അവർക്ക് മെമ്പർഷിപ്പ് ആനുകൂല്യങ്ങൾ ലഭിക്കുവാൻ നിലവിലുള്ള നിയമത്തിൽ വ്യവസ്ഥകൾ ഇല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ: | (എ) & (ബി) ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി ക്ഷീര സംഘങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ താമസിക്കുന്ന ക്ഷീരകർഷകന് തൊട്ടടുത്ത ക്ഷീരസംഘത്തിൽ പാൽ നൽകിയാൽ ടിയാൾക്ക് ക്ഷേമനിധി മെമ്പർഷിപ്പ് ആനുകൂല്യങ്ങൾ ലഭിക്കുവാൻ നിലവിലുള്ള കേരള ക്ഷീരകർഷക ക്ഷേമനിധി നിയമത്തിൽ വ്യവസ്ഥയുണ്ട്. |
| (സി) ചെങ്ങന്നൂർ മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ചിരുന്ന ക്ഷീര സംഘങ്ങളുടെ പേരുവിവരങ്ങളോ, അംഗങ്ങളുടെ പേരുവിവരങ്ങളോ ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) തിട്ടമേൽ ക്ഷീരസംഘം, ഉമയാറ്റുകര ക്ഷീര സംഘം, മംഗലം ക്ഷീരസംഘം എന്നിവയാണ് ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ പ്രവർത്തിച്ചിരുന്ന ക്ഷീരസംഘങ്ങൾ. |

**സെക്ഷൻ ഓഫീസർ.**